LIBRARY ARCHIVES Kerala Legislative Assembly

സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതോൽപ്പാദനം

68 (4650) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ഇ.ബി.-യുടെ ആഭിമുഖ്യത്തിൽ സൗരോർജ്ജത്തിൽനിന്ന് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിച്ചുവരുന്നത് ; പ്രസ്തുത പദ്ധതി വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന വ്യക്തമാക്കുമോ ?

ഉത്തരം

കെ.എസ്.ഇ.ബി. സ്വന്തം നിലയിൽ സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആയത് കമ്മീഷൻ ചെയ്തിട്ടില്ല. എന്നാൽ സംസ്ഥാനത്തെ എൽ.റ്റി.എച്ച്.റ്റി. ഉപഭോക്താക്കളുടെ സൗരോർജ്ജ പാനലുകൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന പദ്ധതി പ്രകാരം 10 ഉപഭോക്താക്കളിൽനിന്നായി 0.304 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ പാനലുകൾ ശൃംഖലയുമായി നാളിതുവരെ ബന്ധിപ്പിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ ലക്ഷ്യമിടുന്ന പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും ധനസഹായം

69 (4651) ശ്രീ.ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും കെ.എസ്.ഇ.ബി. നൽകുന്ന ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച ഉത്തരവുകളുടേയും സർക്കുലറുകളുടേയും പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) I. ബോർഡ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം :

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനു കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമോ അപകടമരണമോ സംഭവിക്കുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.